കൂടൽക്കടവ് കുടിവെള്ള പദ്ധതി

66 [246] ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിലെ കൂടൽക്കടവ് കുടിവെള്ള പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

വയനാട് ജില്ലയിലെ കൂടൽക്കടവ് കുടിവെള്ള പദ്ധതിയുടെ പണി 16-12-2004-ൽ പൂർത്തീകരിച്ചു.

തേക്കിൻകാട്-വാഴാട്-ചേലക്കോട് കോളനി കുടിവെള്ള പദ്ധതി

67 [247] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ കൊണ്ടാഴി പഞ്ചായത്തിലെ തേക്കിൻകാട്-വാഴാട്-ചേലക്കോട് കോളനി കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) എത്രകാലം കൊണ്ട് പൂർത്തീയാക്കാനാണ് ഈ പദ്ധതിക്ക് കരാർ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പറയാമോ?

ഉത്തരം

(എ) പ്രസ്തുത കോളനികൾക്കുവേണ്ടി ചേലക്കോട് പദ്ധതി, തേക്കിൻകാട്-വാഴാട് എന്നീ രണ്ട് കുടിവെള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. എം. പി. ഫണ്ട്, എം.എൽ.എ. ഫണ്ട്, ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ ഏജൻസികളുടെ ഫണ്ട് ഉപയോഗിച്ച് ഡെപ്പോസിറ്റ് വർക്കായിട്ടാണ് പദ്ധതി നിർമ്മിക്കുന്നത്. ചേലക്കോട് പദ്ധതിയുടെ നിലവിലുള്ള സ്രോതസ്സിൽ 125 എച്ച്.പി.പമ്പ്സെറ്റ് മാറ്റി സ്ഥാപിക്കുകയും കുഴൽ കിണർ സ്രോതസ്സിൽ പമ്പ്സെറ്റ് സ്ഥാപിക്കുകയും പമ്പ് ഹൗസുകളുടെ പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പവർ കണക്ഷനുവേണ്ടി പഞ്ചായത്ത് നടപടി സ്വീകരിച്ചു വരുന്നു. പവർ കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിച്ച് 2005 ജൂൺ മാസത്തിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. തേക്കിൻകാട്-വാഴാട് പദ്ധതിയുടെ കിണറിന്റെയും ലീഡിംഗ് ചാനലിന്റെയും ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രഷർ ഫിൽറ്റർ ടെണ്ടർ ചെയ്തു. പമ്പ് ഹൗസും പമ്പിംഗ് മെയിനും വിതരണ ശൃംഖലയുടെ 60 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. പമ്പ് സെറ്റ് സ്ഥാപിച്ചു. ഭൂതല സംഭരണിയുടെ പണി പുരോഗതിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly